

# യേശുദാസ്

## സാഗരസംഗീതം

സമ്പാദനം, പഠനം, എഡിറ്റിങ്

ജി. ബി. ഹരീന്ദ്രനാഥ്

Malayalam
**YESUDAS SAGARASANGEETHAM**

Compilation, Study and Editing
**G.B. Harindranath**

First Published : May, 2024

Design: **S. Sreekumar**
Typeset & Layout
**Beyond Publishers**, Law College Jn.
Thiruvananthapuram - 35

Printed at
**Time Offset Press**
Thiruvananthapuram

Published by
**The State Institute of Languages**, Kerala,
Thiruvananthapuram - 695 003

©The State Institute of Languages, Kerala 2024

SIL/5450
Price: ₹ 700
FT/3273
ISBN: 978-93-6100-124-6

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

# യേശുദാസ്
# സാഗരസംഗീതം

സമ്പാദനം, പഠനം, എഡിറ്റിങ്

ജി.ബി. ഹരീന്ദ്രനാഥ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

## ജി.ബി. ഹരീന്ദ്രനാഥ്

1990-ൽ തിരുവനന്തപുരം എഞ്ചിനീയറിങ് കോളെജിൽ നിന്ന് B.Tech (Civil) ബിരുദം. ബിർല ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഹാബിറ്റാറ്റ് ടെക്നോളജിയിൽ എം.എസ്. ബിരുദം. IGNOU-ൽ നിന്ന് MBA ബിരുദവും നേടി. HUDCO, IIT (Madras) NIHM എന്നിവിടങ്ങളിൽ നിന്ന് മാനേജ്മെന്റിലും എഞ്ചിനീയറിങ്ങിലും പരിശീലനം ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയേഴ്സിൽ ചാർട്ടേഡ് എൻജിനിയറും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാല്യുവേഴ്സിൽ ഫെല്ലോയുമാണ്. KESNIK-ൽ പ്രോജക്ട് എഞ്ചിനീയർ, റീജിയണൽ എഞ്ചിനീയർ, ബിൽഡിങ് കൺസൾട്ടന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. 2001-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിയിൽ പ്രവേശിച്ചു. റിസർച്ച് ഓഫീസർ, എസ്.ആർ.ഒ, പബ്ലിക്കേഷൻ വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ (I/C), വിജ്ഞാനപോഷിണി, വിജ്ഞാനകൈരളി എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ശാസ്ത്രം, സാങ്കേതികശാസ്ത്രം, സാമൂഹികശാസ്ത്രം, കല, നിയമം, ഗണിതശാസ്ത്രം, സിനിമ, കംപ്യൂട്ടർസയൻസ്, തത്വശാസ്ത്രം തുടങ്ങി വിവിധ വിഷയങ്ങളിൽ നിരവധി ഗ്രന്ഥങ്ങൾ എഡിറ്റുചെയ്തു. ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതിഭവൻ ടെക്നിക്കൽ മാനേജർ, മലയാളം മിഷൻ രജിസ്ട്രാർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ദത്തം 2019, ദത്തം 2023, ഇ-മഞ്ഞുതുള്ളി, വൈബ്രൻസ് തുടങ്ങി നിരവധി ചിത്രപ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. നിലവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ റിസർച്ച് ഓഫീസറും വിജ്ഞാനകൈരളി എഡിറ്ററുമാണ്.


പിതാവ് : കുറ്റൂർ.എൻ.ബാലകൃഷ്ണൻ നായർ, മാതാവ് : എൽ. ഗിരിജകുമാരി

ഭാര്യ : രശ്മി. ആർ.എസ്.

മക്കൾ : അർച്ചിത് മഹേശ്വർ, ദേവനന്ദ.ആർ.ഹരി

ഫോൺ : 9446100532, 9847064498

mail : gbharindranath@gmail.com





General Editor — ജനറൽ എഡിറ്റർ

**Dr. Sathian M.** — **ഡോ. സത്യൻ എം.**

Editor — എഡിറ്റർ

**G.B. Harindranath** — **ജി.ബി. ഹരീന്ദ്രനാഥ്**

Cover (Painting) — കവർ (പെയിന്റിങ്)

**Artist B.D. Dethan** — **ആർട്ടിസ്റ്റ് ബി.ഡി. ദത്തൻ**

Cover & Caligraphy — കവർ &കാലിഗ്രാഫി

**Narayana Bhattathiri** — **നാരായണ ഭട്ടതിരി**

Editorial Assistance — എഡിറ്റോറിയൽ സഹായം

K.R. Sarithakumari — കെ.ആർ. സരിതകുമാരി

Bindhu A. — ബിന്ദു എ.

Proof — പ്രൂഫ്

M.R. Meera — എം.ആർ. മീര

# ഉള്ളടക്കം


**ശ്രീ ഗുരവേ നമഃ**
ഡോ. കെ. ജെ. യേശുദാസ് xi

**എന്തരോ മഹാനു ഭാവുലു**
ജി.ബി. ഹരീന്ദ്രനാഥ് xiii



**ഗാനഗന്ധർവന് എന്റെ ഹൃദയാഭിഷേകം**
ശ്രീകുമാരൻ തമ്പി 3

**കാലം പാടുമ്പോൾ**
പി. ജയചന്ദ്രൻ 7

**സംഗീതത്തിനായി ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരാൾ**
പെരുമ്പാവൂർ ജി. രവീന്ദ്രനാഥ് 13

**നവനീതനാദം**
കൈതപ്രം ദാമോദരൻ നമ്പൂതിരി 17

**കാലം കാത്തുവച്ച സ്വരം**
രവി മേനോൻ 21

**അവിശ്വസനീയം, അമാനുഷികം ഈ സംഗീതവിസ്മയം**
എം. ജയചന്ദ്രൻ 25

**സംഗീതജീവിതത്തിലെ മുജ്ജന്മബന്ധു**
രമേശ് നാരായണൻ 31

**കാലത്തിന്റെ ഒറ്റക്കമ്പിനാദം**
എം.പി. അബ്ദുസമദ് സമദാനി എം.പി. 35

**ആലാപനത്തിന്റെ അവസാനവാക്ക്**
ടി.പി. ശാസ്തമംഗലം 39

**സംഗീതം തപസ്യയാക്കിയ അപൂർവജന്മം**
കാവാലം ശ്രീകുമാർ 43

**യേശുദാസ് – സമർപ്പണത്തിന്റെ പ്രതീകം**
ബി. അരുന്ധതി 47

**ലളിതഗാനങ്ങളുടെയും ഗന്ധർവൻ**
ദർശൻ രാമൻ 51

**ദാസേട്ടനോടൊപ്പം ഹിമാലയം കയറുമ്പോൾ**
കെ.ആർ. അജയൻ 54

**ഗാനമേളകളിൽ നാദബ്രഹ്മം കൊണ്ട്**
**മായാലോകം തീർത്ത ഗായകൻ**
കെ. രാജ്മോഹൻ 59

**ദാസേട്ടൻ എന്ന പ്രചോദനം**
എം. രാധാകൃഷ്ണൻ 63



**യേശുദാസിന്റെ കർണാടകസംഗീതവിദ്വത്വം**
ഡോ. അച്യുത്ശങ്കർ എസ്. നായർ 69

**മുത്തുസ്വാമിദീക്ഷിതർ, വെങ്കടസുബ്ബയ്യർ, നാരായണതീർഥർ**
**ഗന്ധർവനാദവിസ്മയത്തിൽ**
ഡോ. ഉഷാ രാജാ വാര്യർ 80



**സഹപാഠി – ആത്മസുഹൃത്ത്**
എൻ. ഗോവിന്ദൻകുട്ടി 89

**എന്റെ സഹോദരൻ**
കെ.ജെ. ആന്റണി 99

**സംഗീതദേവത നൽകിയ**
**വിലമതിക്കാനാവാത്ത വരദാനം**
പ്രൊഫ. പി.ആർ. കുമാരകേരളവർമ്മ 114

**ഹൃദയസ്പൃക്കായ ചില പിന്നാമ്പുറചരിത്രങ്ങൾ**
ഡോ. കെ. ഓമനക്കുട്ടി 125

**ദാസേട്ടൻ എന്ന സ്നേഹം**
എം.കെ. മുനീർ 131

**ദാസേട്ടൻ എന്ന സ്നേഹസംഗീതം**
സതീഷ് സത്യൻ 135

**ഞാനറിയുന്ന ദാസേട്ടൻ**
നൗഷർ വാമകേശൻ 141

**ഓർമയിലൊരു ഞാവൽമരത്തണലിൽ**
സി.സി. തോമസ് 153

**പ്രണാമം**
സുഭാഷ് ചന്ദ്രൻ 161

**പാട്ടിലെ വെള്ളത്താമര**
മധു വാസുദേവൻ 165

**മലയാളിയുടെ യേശുദാസ് – ജീവിതം**
ഡോ. വി. മോഹനകൃഷ്ണൻ 175

**അറുപത് വർഷത്തെ ശബ്ദസൗകുമാര്യം**
**യേശുദാസെന്ന പ്രതിഭാസം**
എതിരൻ കതിരവൻ 183

**യേശുദാസ് – പാട്ടിന്റെ മൊഴിഭേദങ്ങൾ**
ഡോ. ആർ.വി.എം. ദിവാകരൻ 189

**യേശുദാസും മലയാളിയുടെ**
**മെറ്റാ–സ്പേഷ്യൽ–വിഷ്വൽ അനുഭൂതികളും**
ജോണി എം.എൽ. 201

**കേട്ട ഗാനങ്ങൾ മധുരം,**
**കേൾക്കാത്ത ഗാനങ്ങൾ മധുരതരം**
ഡോ. സത്യൻ എം. 209

**പാട്ടറിയാത്തൊരാൾ പാട്ടോർക്കുമ്പോൾ**
ഡോ. മ്യൂസ് മേരി ജോർജ് 212

**ജനപ്രിയസംഗീതത്തിന്റെ കുലപതി**
ഡോ. ടി.കെ. സന്തോഷ് കുമാർ 219

**യേശുദാസിന്റെ സംഗീതം –**
**മോഹിപ്പിക്കുന്ന കാലവും സംക്രമണവും**
ഡോ. എൻ. രേണുക 223

**പാട്ടിന്റെ പര്യായമായി മാറിയ ഗായകൻ**
എം.വി. ശശികുമാർ 234

**റേഡിയോയിലൂടെ തഴുകിവരുന്നൊരു ഗാനം**
ഡോ. ജൈനിമോൾ കെ.വി. 241

**ഭാരതീയമനസ്സിലൂടെ ഒഴുകിയ സംഗീതം**
ഡോ. അരുൺ ബി. നായർ 251

**ആലാപനത്തിലെ ഋതുരാഗശോഭകൾ**
ഡോ. എം.ഡി. മനോജ് 259

**ആത്മീയഗീതങ്ങളുടെ സൗന്ദര്യശബ്ദവാച്യങ്ങൾ**
സുനിൽ സി.ഇ. 267

**കാവ്യശബ്ദം; ശബ്ദകാവ്യം**
കെ. രേഖ 275

പാടി മതിവരാത്ത ഗായകൻ
കേട്ട് മതിയാവാത്ത കേൾവിക്കാർ
മുഹമ്മദ്റാഫി എൻ.വി. 279

കാതൊപ്പുകൾകൊണ്ട് കാതോരത്തെ
കാതരമാക്കുന്ന നാദം
ഡോ. സജിത്ത് ഏവൂരേത്ത് 285



യേശുദാസ് ഒരു ഗായകനുമപ്പുറം
കെ.വി. പിഷാരടി 295

ഗന്ധർവനാദത്തിന്റെ നാൾവഴികൾ
ഡോ. ജയകുമാർ ആർ. മേനോൻ 299

സമകാലിനനായതിൽ അഭിമാനം
ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. 305

ഒരു ആരാധകന്റെ കാണിക്ക
എസ്. ആനന്ദകൃഷ്ണൻ ഐ.പി.എസ്. 309

തരംഗിണി സ്റ്റുഡിയോ
നൗഷർ വാമകേശൻ 313

നീ ഗന്ധർവൻ
ശ്രീജിത് പെരുന്തച്ചൻ 325

സംഗീതചികിത്സയും യേശുദാസിന്റെ ഗാനങ്ങളും
ഡോ. കാവുമ്പായി ജനാർദ്ദനൻ 329

ഗന്ധർവനാദത്തിലെ സുരഭിലനാടകഗാനങ്ങൾ
ഡോ. രാജാ വാര്യർ 341

യേശുദാസ് എന്ന അമൃതവൈഖരി
എൻ.എസ്. സുമേഷ് കൃഷ്ണൻ 347



ഒറ്റസ്വരത്തിൽ മലയാളിയുടെ ജീവചരിത്രം
ജോണി ലൂക്കോസ് 353

അവർ പറഞ്ഞത് 361



ഇതാണ് ഞങ്ങൾക്ക് യേശുദാസ്
പി.എം. ബിനുകുമാർ 369

ഞങ്ങളുടെ ദാസേട്ടൻ 371

റഫറൻസ് 379

കൃതജ്ഞത 381

# പാടി മതിവരാത്ത ഗായകൻ
# കേട്ട് മതിയാവാത്ത കേൾവിക്കാർ

**മുഹമ്മദ്റാഫി. എൻ. വി.**

കേരളീയ ആധുനികത രൂപീകരിച്ചതിൽ യേശുദാസിന് യേശുദാസിനോളം പങ്കുണ്ട് എന്ന് പറയാൻ പറ്റുന്ന വിധം ഉയർന്ന സംഗീതവൃക്ഷമാണ് യേശുദാസ്. മലയാളി എന്ന സ്വത്വം പലവിധമായ സാംസ്കാരികധാരകളുടെ സമന്വയമാണല്ലോ. ഹൈന്ദവതയുടെയും മുസ്ലീം ആചാര-വിശ്വാസ ധാരയുടെയും ക്രിസ്ത്യാനിറ്റിയുടെയുമെല്ലാം ജീവന പരിസരത്തുനിന്നും ഉയിർകൊണ്ട ബഹുസ്വരമാർന്ന സാംസ്കാരിക ഘടകങ്ങളെ ഒറ്റശബ്ദം കൊണ്ട് സമന്വയിപ്പിക്കുന്ന മാന്ത്രികത യേശുദാസിന്റെ നാദവീചികൾക്കു സാധിച്ചു. യേശുദാസിന് മുമ്പുണ്ടായിരുന്ന മന്നാഡെയും ഉദയഭാനുവും കമുകറയും സി. ഒ. ആന്റോയും പി. ബി. ശ്രീനിവാസും മെഹ്ബൂബും കോഴിക്കോട് അബ്ദുൾഖാദറും എം. എം. രാജയും ഒക്കെയടങ്ങുന്നവരുടെ ശബ്ദ വിശേഷഭാവങ്ങളെ എല്ലാം പിന്നിട്ട് യേശുദാസ് എന്ന ഏക ശബ്ദപ്രിയരായി മലയാളിയെ മാറ്റിയെടുക്കുന്ന വിധം ആ ഗായകൻ മലയാള ചലച്ചിത്രസംഗീതത്തെ ശബ്ദമാധുര്യം കൊണ്ടും സവിശേഷമായ ആലാപന ജനപ്രിയത കൊണ്ടും കയ്യടക്കി. മറ്റൊരു വിധത്തിൽ ആലോചിച്ചാൽ മലയാളിയുടെ സാംസ്കാരിക ബഹുമുഖ സവിശേഷതകളെയും നേരത്തെ സൂചിപ്പിച്ച നാദ വൈവിധ്യങ്ങളെയും യേശുദാസ് പാടിപ്പാടി സർവഭാവ വാഹിനിയായ തന്റെ ഒച്ചയിൽ അലിയിച്ചു കളഞ്ഞു. സംഗീതത്തിന്റെ ആദ്യഘട്ടത്തിലെന്നപോലെ യേശുദാസിനുശേഷം എന്നൊരു ഘട്ടം കൂടി മലയാള ചലച്ചിത്രസംഗീതചരിത്രം പിന്നിട്ടിരിക്കുന്നു. പല ഭാവങ്ങളും പല നാദവീഥികളും പാട്ടു കൈവഴികളിലെ സ്വരഭേദങ്ങളിലെ പല എത്നിസിറ്റികളുമായി അത് ചിതറി മാറിയിരിക്കുന്നു. ആ ബൃഹദാഖ്യാന സ്വര സ്വഭാവം ചിതറിയിരിക്കുന്നു. ഇനി ഏകശബ്ദ-നശ്വരനാദത്തിലേക്ക് വീണ്ടും ഉറഞ്ഞുകൂട്ടുക എളുപ്പമല്ലാത്ത വിധം എന്നു കണക്കെ!

ലോകം കേട്ട 'അനശ്വരശബ്ദം' എന്ന ബി ബി സി വിശേഷണത്തിലേക്ക് യേശുദാസ് വളർന്നത് പതിറ്റാണ്ടുകൾ നീണ്ട സംഗീത

എന്നോടൊത്തുണരുന്ന പുലരികളേ...

സപര്യ എന്ന നിലയ്ക്ക് തന്നെയുള്ള കഠിനാധ്വാനം കൊണ്ട് തന്നെയാണ്. അതത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. ഒരു പാട്ട് ഇന്നത്തെ സാങ്കേതികവിദ്യയുടെ സൗകര്യമില്ലാതെ റെക്കോർഡ് ചെയ്യേട്ടുക്കൽ ചിലപ്പോൾ തുടർച്ചയായ 48 മണിക്കൂർ വരെയുള്ള കഠിന പ്രയത്നത്തിന്റെ ബാക്കിപത്രമായായിരുന്നു. അതദ്ദേഹം തന്നെ വ്യക്തമാക്കിയതാണ്. മാറ്റിയും മറിച്ചും പല്ലവിയും അനുപല്ലവിയും റെക്കോർഡ് ചെയ്തിട്ടും വീണ്ടും തൃപ്തിവരാതെ ഉറക്കംകിട്ടാത്ത രാത്രികളുടെ മികച്ച ഫലം കൂടിയായിരുന്ന ആ സംഗീത സപര്യ. ഗാനമേളകളിൽ അദ്ദേഹം വേണ്ടത്ര ശോഭിക്കാറില്ല എന്നത് അത് കേട്ടവർക്കറിയാം. അത് ഒരുപക്ഷേ ഈ ആവർത്തന ശ്രമത്തിന്റെ അഭാവമാവാം എന്നൂഹിക്കാം.

ആസാമീസ്, കശ്മീരി, കൊങ്കിണി എന്നിവയിലൊഴികെ എല്ലാ പ്രധാന ഇന്ത്യൻ ഭാഷകളിലും യേശുദാസ് പാടിയിട്ടുണ്ട്. മലയാളസിനിമയുടെ ആൺനാദം യേശുദാസിന്റേതായി മാറി. മികച്ച പിന്നണി ഗായകനുള്ള ദേശീയ പുരസ്കാരം എട്ട് തവണ അദ്ദേഹത്തിന് ലഭിച്ചു. കേരള, തമിഴ്നാട്, ആന്ധ്ര, കർണാടക, ബംഗാൾ സംസ്ഥാനങ്ങളിലെ മികച്ച പിന്നണിഗാനങ്ങൾക്കുള്ള പുരസ്കാരങ്ങൾ നേടിയ ഏകവ്യക്തി കൂടിയായിരിക്കും ഈ ഗായകൻ. അയൽ സിനിമാസംസ്കാര സ്ഥലമായ തമിഴുമായി താരതമ്യപ്പെടുത്തിയാൽ അവിടെയും ചലച്ചിത്രഗാനരംഗത്ത് ഇങ്ങനെയൊരു ഏക ഗാനവീഥിയുടെ ചിത്രമില്ല. തമിഴ് സിനിമകളിൽ എം.ജി.ആർ. ശിവാജി ഗണേശൻ തുടങ്ങി രജനീകാന്ത്, കമലഹാസൻ തുടങ്ങിയ നായകർ വന്നപ്പോൾ തമിഴ് ചലച്ചിത്രഗാന ഗായകരും മാറിവന്നു. മലയാള സിനിമയിലാകട്ടെ തിക്കുറിശ്ശി സുകുമാരൻ നായർ, സത്യൻ, പ്രേംനസീർ, ജയൻ തുടങ്ങി യവരുടെ രണ്ടാം തലമുറ പിന്നിട്ട് മമ്മൂട്ടി, മോഹൻലാൽ, സുകുമാരൻ, ജയറാം തുടങ്ങിയ മൂന്നാം തലമുറ നായകരെയും അത് കഴിഞ്ഞുവന്ന ന്യൂ ജനറേഷൻ വേണ്ടി പോലും തന്റെ നാദവീചികൾ നൽകിയ ശേഷമാണ് യേശുദാസിന്റെ പിന്മാറ്റം എന്ന് വേണമെങ്കിൽ പറയാം.

മഹത്തായ സംഗീതജ്ഞരെല്ലാം ഈ സമന്വയഭക്തിമാർഗത്തിൽ കൂടി സഞ്ചരിച്ചവരാണ് എന്നതും ഒരു യാഥാർഥ്യമാണ്. ഹിന്ദുസ്ഥാനി ഗായകരും കർണാടിക് ഗായകരുമെല്ലാം എല്ലാ ഭക്തിധാരകളെയും ബഹുമാനിക്കുന്നവരും ഉൾക്കൊള്ളുന്നവരുമായി ത്തീർന്നതും സംഗീതത്തിന്റെ ശക്തി ഒന്നു കൊണ്ടു മാത്രമായിരിക്കാം.


ഭാര്യ എന്ന ചിത്രത്തിൽ പാടിയ 'ദയാപരനായ കർത്താവേ' എന്ന പാട്ടായിരുന്നു വഴിത്തിരിവ്. യേശുദാസ്-ദേവരാജൻ കൂട്ട് അവിടെ തുടങ്ങി. കെ.പി. ഉദയഭാനുവിനായി മാറ്റിവച്ചിരുന്ന 'അല്ലിയാമ്പൽ കടവിൽ' അദ്ദേഹത്തിന് സുഖമില്ലാഞ്ഞതിനാൽ യേശുദാസ് പാടി. അത് കേരളക്കരയാകെ അലയടിച്ചു. പിന്നെ, ബാബുരാജിന്റെ 'താമസമെന്തേ വരുവാൻ, ഏകാന്തതയുടെ അപാരതീരം, വാസന്തപഞ്ചമി നാളിൽ, അറബിക്കടലൊരു മണവാളൻ, പ്രാണസഖി ഞാൻ വെറുമൊരു, അവിടുന്നെൻ ഗാനം കേൾക്കാൻ, ഒരു പുഷ്പം മാത്രമെൻ, അന്ന് നിന്റെ നുണക്കുഴി തെളിഞ്ഞിട്ടില്ല, കണ്ണീരും സ്വപ്നങ്ങളും, തെളിഞ്ഞു പ്രേമയമുന വീണ്ടും, പാതിരാവായില്ല, പൊന്നും തരിവള മിന്നും കൈയ്യിൽ, അകലെ അകലെ നീലാകാശം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ആയിരക്കണക്കിന് പാട്ടുകൾ. ഇവിടെ സൂചിപ്പിച്ച പാട്ടുകൾ തുടർച്ചയായി പാടിയതല്ല. അതെല്ലാം മലയാള സിനിമാ ഗാനശാഖയിലെ അനശ്വരനായ ബാബുരാജ് ഈണമിട്ട ഗാനങ്ങളായതുകൊണ്ട് ഒന്നിച്ചെഴുതി എന്ന് മാത്രം. ബാബുരാജ് കല്യാണ വീടുകളിലും മറ്റു സംഗീത ദർബാറുകളിലും



സ്വന്തം ഹാർമോണിയം മീട്ടി ചങ്കു നനച്ച മീട്ടിയ ആ ഈണങ്ങൾ ജനപ്രിയ സംഗീതമായി സിനിമയിൽ വന്നത് യേശുദാസിന്റെ ശബ്ദത്തിലായിരുന്നു. ബാബുരാജ് സംഗീത സംവിധായകൻ മാത്രമായിരുന്നില്ല, പാട്ടുകാരൻ കൂടിയായിരുന്നു. അദ്ദേഹം സംഗീതം നൽകിയ മിക്ക പാട്ടുകളും ഹിന്ദുസ്ഥാനി രാഗത്തിലായിരുന്നു. യേശുദാസിന്റെ മറ്റൊരു സവിശേഷതയായി നമുക്ക് പറയാവുന്നത് കർണാട്ടിക്കും ഹിന്ദുസ്ഥാനിയും ഒരുപോലെ വഴങ്ങുന്ന മാന്ത്രികത അദ്ദേഹത്തിനുണ്ട് എന്നതാണ്. ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ച പോലെ ക്രിസ്തീയ ഭക്തിഗാനവും മാപ്പിളപാട്ടും ഹൈന്ദവ ഭക്തിഗാനവും ഒരേപോലെ വഴങ്ങുന്ന മറ്റൊരാൾ യേശുദാസിനെ പോലെ ഉണ്ടോ എന്നതും സംശയം! ഈയടുത്ത കാലത്ത് ടി. എം. കൃഷ്ണ എന്ന കർണാട്ടിക് സംഗീതജ്ഞൻ ഒരു മുസ്ലീം പ്രവാചക പ്രകീർത്തന സൂക്തം കർണാടിക് സംഗീതത്തിൽ ആലപിച്ചപ്പോൾ അത് ചിലർ വിവാദമാക്കുകയുണ്ടായി. എന്നാൽ അന്ന് ടി. എം. കൃഷ്ണ പറഞ്ഞത് ഇത് തന്റെ സംഭാവനയല്ലെന്നാണ്. യേശുദാസ് മുമ്പ് ഇതേ സൂക്തം ഇതേ ഈണത്തിൽ ആലപിച്ച കാര്യം ചൂണ്ടിക്കാണിച്ച കൊണ്ടാണ് അദ്ദേഹം ഇത് സ്ഥാപിച്ചത്. കാലം മാറിയപ്പോൾ ആളുകൾ സംഗീതത്തിലും മതവും ജാതിയും കലർത്താൻ തുടങ്ങി എന്നതാണ് വാസ്തവം. സംഗീത സംസ്കാര സൃഷ്ടി കൂടിയാണ് നമ്മുടെ ആധുനികത എന്ന അർഥത്തിൽ മലയാളിയുടെ നവോത്ഥാന ആധുനികതയ്ക്ക് സാഹിത്യം കൊണ്ട് വൈക്കം മുഹമ്മദ്ബഷീർ എത്രമാത്രം സംഭാവന നൽകിയിട്ടുണ്ടോ ഏതാണ്ട് അത്രതന്നെ സംഗീത സ്വരം കൊണ്ട് യേശുദാസ് സംഭാവന നൽകിയിട്ടുണ്ട് എന്ന് പറയുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു.

സിനിമാ ഗാനങ്ങളിൽ യേശുദാസ് പാടിയത് കൂടുതലും ഒരു പക്ഷേ മോഹനരാഗത്തിലായിരിക്കും. വളരെക്കാലം നമ്മുടെ മനസ്സിൽ തങ്ങിനിൽക്കുന്നു എന്നത് മോഹനരാഗത്തിൽ ആലപിച്ച പാട്ടുകളുടെ സവിശേഷത കൂടിയാണ്. മാധുര്യമേറിയതും മനോഹരമായ രുചിയുള്ളതും ഗന്ധമുള്ളതും എന്ന് സംഗീതപ്രിയർ വിശ്വസിക്കുന്ന മനസ്സുകളിൽ മായാത്ത മുദ്ര പതിപ്പിക്കുന്ന രംഗമാണിത്. പ്രസന്നതയേറിയതും ശോഭയുള്ളതും ലളിതവും, ഊർജസ്വലവുമായ ഈ രാഗം പഠിക്കാൻ എളുപ്പമുള്ളതുകൂടിയാണ്. ഒരുപാട് സഞ്ചാര സ്വാതന്ത്ര്യമുള്ള ഒരു രാഗമായതിനാൽ രാഗത്തിനുള്ളിൽ തന്നെ നിന്നു കൊണ്ട് ഒട്ടേറെ വൈവിധ്യങ്ങൾ വരുത്താൻ ഇതു കൊണ്ട് സാധിക്കുന്നു. കേട്ടാലും വീണ്ടും വീണ്ടും കാതിൽ ധ്വനിക്കും ഈ രാഗം. പാടിയാലും എത്ര കേട്ടാലും മതി വരാത്ത ഒരു രാഗമത്രെ മോഹനം. യേശുദാസിന്റെ സ്വരത്തിൽ മോഹനരാഗവും മോഹനരാഗത്തിന്റെ ലയത്തിൽ യേശുദാസിന്റെ സ്വരവും നാദവും താളവും അത്രയ്ക്ക് ഇഴകിച്ചേർന്നപ്പോൾ മോഹനരാഗം കൂടുതൽ മോഹിപ്പിക്കുന്ന വിശിഷ്ട ഔഷധമാ

തെളിഞ്ഞു
പ്രേമയമുന...



യി മാറി. മോഹനരാഗം മാത്രമല്ല അനേകം ഹിന്ദുസ്ഥാനിരാഗങ്ങളും കർണാട്ടിക് രാഗങ്ങളും യേശുദാസ് ആലപിച്ചപ്പോൾ അത് കൂടുതൽ ജനപ്രിയമേറിയ കലയായും പരശ്ശതം മനുഷ്യരുടെ മനസ്സിന്റെ അന്തരാള വിഷാദത്തെയും മാനസിക വൈഷമ്യങ്ങളെയും ശമിപ്പിക്കുന്ന ഔഷധിയുമായിതീർന്നു.

സംഗീതത്തിന് മാനസിക വൈഷമ്യങ്ങൾ ശമിപ്പിക്കുന്ന ഔഷധിയുടെ ഗുണം കൂടിയുണ്ടല്ലോ. അത് ഒരു ചികിത്സാമാർഗമായി പുതിയ കാലത്ത് വികസിച്ചിട്ടുമുണ്ട്. യേശുദാസ് പാടിയ ചില പാട്ടുകൾ മാത്രമെടുത്ത് ഇക്കാര്യം ഒന്നുകൂടി വിശദീകരിക്കാമെന്ന് തോന്നുന്നു.

പ്രേമഭിക്ഷുകീ ഭിക്ഷുകീ ഭിക്ഷുകീ
ഏതു ജന്മത്തിൽ ഏതു സന്ധ്യയിൽ
എവിടെവച്ചു നാം കണ്ടു - ആദ്യമായ്
എവിടെവച്ചു നാം കണ്ടു എന്ന ഗാനം ചിട്ടപ്പെടുത്തിയത് ഖരഹരപ്രിയയിൽ നിന്നും ജന്യമായ ശിവരഞ്ജിനി രാഗത്തിലാണ്. ഈ രാഗം ഒരു ഔഡവ - ഔഡവ രാഗമാണ്. ധൈവതമാണ് ഈ രാഗത്തിന്റെ പ്രധാന സ്വരം. ഋഷഭവും ഗാന്ധാരവും ഗമകമില്ലാതെ പാടുന്നു. നാലാമത്തെ സംഗീത ചക്രത്തിൽ ഉൾപ്പെടുന്ന ഖരഹരപ്രിയയുടെ (മേളം 22) ഒരു ഡെറിവേറ്റീവ് ആണ്, ശിവരഞ്ജിനി. സാധാരണയായി വൈകുന്നേരം മുതൽ അർധരാത്രി വരെ (9 PM മുതൽ 12 AM വരെ) ആലപിക്കുന്ന വേദനയും വിരഹവുമൊക്കെ വേട്ടയാടുന്ന രാഗമാണിത്. ഖരഹരപ്രിയ പോലെയുള്ള ശാന്തമായ ഒരു രാഗത്തിൽ നിന്ന് ജന്യമെടുത്ത തികച്ചും വ്യത്യസ്തമായ ഒരു ഭാവം നൽകുന്ന ഈ രാഗം ഗൗരിമനോഹരി, ഹേമവതി അല്ലെങ്കിൽ ധർമ്മവതി എന്നീ മൂന്നു മേളകർത്താ രാഗങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഈ ഹിന്ദുസ്ഥാനി സ്കെയിൽ കർണാടക സംഗീതത്തിൽ നിലവിൽ പ്രചാരത്തിലുള്ള സ്കെയിൽ കൂടിയാണ്.

മധ്യമമോ നിഷാദമോ ഇല്ലാത്ത സമമിതി ഇല്ലാത്ത ഈ രാഗം സെമി-ക്ലാസിക്കൽ അല്ലെങ്കിൽ ലൈറ്റ് രാഗമായാണ് കൂടുതൽ പരിഗണിക്കുന്നത്. രാഗനാമത്തിന്റെ അർഥം ശിവൻ-ദൈവം, രഞ്ജിനി (പ്രസാദിപ്പിക്കാൻ) എന്നിങ്ങനെ വ്യാഖ്യാനിക്കപ്പെടുന്നു - ഭയങ്കരനായ ശിവനെ പ്രീതിപ്പെടുത്താൻ പാടിയ ഈ രാഗം കഴിഞ്ഞ ഇരുപത് വർഷമായി കൂടുതൽ പ്രചാരത്തിലുണ്ട്. വാദ്യകലാകാരന്മാർക്കിടയിൽ വളരെ പ്രചാരമുള്ള ഈ ധ്യാനരാഗം ദുഃഖം, ശാന്തത, പ്രണയം എന്നിവയെ പ്രതിനിധീകരിക്കുന്നു. വേദനയുടെ അനുഭവം നൽകുന്ന ശിവരഞ്ജിനി മെമ്മറി പ്രശ്നങ്ങൾക്ക് വളരെ ഉപയോഗപ്രദമാണെന്ന് പറയപ്പെടുന്നു. ഈ രാഗം ഉഷ്ണരോഗശാന്തിക്കും (അധിക ചൂടുമായി ബന്ധപ്പെട്ട രോഗങ്ങൾ) പൊതു ആരോഗ്യ



ത്തിനും നല്ലതാണെന്നും ദുഃഖം അകറ്റുമെന്നും പറയപ്പെടുന്നു. ശിവരഞ്ജിനി പാടുന്നത് കേൾക്കുമ്പോൾ സങ്കടത്താൽ പിരിമുറുക്കമുള്ള മനസ്സ് മഴത്തുള്ളികൾ പോലെ കണ്ണീരുവന്നു സമ്മർദം ഒഴിവാകുന്നു. ഇവിടെ ന്യൂറോണുകൾ വിശ്രമിക്കുന്ന കണ്ണുനീരിലൂടെയാണ് രോഗശാന്തി വരുന്നത്. ഈ രാഗം വിഷാദരോഗത്തിനുള്ള നല്ലൊരു പ്രതിവിധിയാണ്. അടിച്ചമർത്തപ്പെട്ടതും ഉള്ളിലുള്ളതുമൊക്കെയായ വികാരങ്ങൾ പകർന്നുകൊണ്ട് ഒരു ശ്രോതാവിനെ കരയിപ്പിക്കുന്നു (സ്വരത്തിലുള്ള കരച്ചിൽ അല്ലെങ്കിൽ വൈകാരിക കണ്ണുനീർ ആകാം). ഒരു നല്ല നിലവിളി നമ്മുടെ മനസ്സിനെ ശാന്തമാക്കാനും സമ്മർദം കുറയ്ക്കാനും സഹായിക്കുന്നു. കണ്ണുനീർ നമ്മുടെ ശരീരത്തെ സുഖപ്പെടുത്താൻ സഹായിക്കുമെന്ന് മെഡിക്കൽ സയൻസ് പോലും ഇപ്പോൾ പറയുന്നുണ്ടല്ലോ. വൈകാരിക പിരിമുറുക്കത്തിൽ അടിഞ്ഞുകൂടുന്ന രാസവസ്തുക്കൾ നാം കരയുമ്പോൾ നമ്മുടെ കണ്ണുനീരിൽ നിന്ന് നീക്കം ചെയ്യുക്കാം. യേശുദാസ് പാടിയ മറ്റൊരു ഗാനമായ

എന്നോടൊത്തുണരുന്ന പുലരികളേ
എന്നൊടൊത്തു കിനാവു കണ്ടു
ചിരിക്കുമിരവുകളേ
യാത്ര തുടരുന്നു ശുഭയാത്ര
നേർന്നു വരൂ
ഒരു കുടന്ന
നിലാവു കൊണ്ടെൻ
നിറുകയിൽ കുളിർ
തീർഥമാടിയ നിശകളേ
നിഴലുമായിണ ചേർന്നു
നൃത്തം ചെയ്ത പകലുകളേ
പോരൂ..പോരൂ..യാത്ര തുടരുന്നു
ശുഭയാത്ര നേർന്നു വരൂ .....

തുടങ്ങിയ വരികൾ ബോംബെ രവി ചിട്ടപ്പെടുത്തിയത് കർണാടക സംഗീതത്തിലെ 22-ാം മേളകർത്താരാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമായ ശുദ്ധധന്യാസിയിലാണ്. ദുഃഖം അകറ്റി സന്തോഷം പ്രദാനം ചെയ്യാൻ കഴിവുള്ള ഒരു രാഗമാണ് ശുദ്ധധന്യാസി. ഞരമ്പുകൾക്ക് ഒരു ഉത്തമ ടോണിക് ആണത്രേ ഈ രാഗം. മൈഗ്രേൻ ഉള്ളവർ ഈ രാഗം കേൾക്കുന്നതു വഴി വളരെ ആശ്വാസം ലഭിക്കും. സുബ്രഹ്മണ്യേന രക്ഷിതോഹം (മുത്തുസ്വാമി ദീക്ഷിതർ) ഹിമഗിരി തനയേ (മുത്തയ്യാ ഭാഗവതർ) ഭാവ മുലോന (അന്നമാചാര്യ) തുടങ്ങിയ കീർത്തനങ്ങളും എന്തിനു വേറൊരു സൂര്യോദയം തുടങ്ങിയ അനേകം മലയാള ചലച്ചിത്രഗാനങ്ങളും ചിട്ടപ്പെടുത്തിയത് ഈ രാഗത്തിലാണ്. ജി. ദേവരാജനാണ് ഏറ്റവും കൂടുതൽ ഗാനങ്ങൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയത്.

അന്നു നിന്റെ
നുണക്കുഴി...





വിസ്താരഭയം മൂലം ഈ രണ്ടു പാട്ടുകളുടെ രാഗങ്ങളും അവയുടെ മനസൗഖ്യഫലവും മാത്രം പറഞ്ഞു എന്ന് മാത്രം. ഇതുപോലെ യേശുദാസ് പാടിയ മറ്റനേകം പാട്ടുകളുടെ രാഗങ്ങൾ പരിശോധിച്ചാൽ അവയെല്ലാം മനസ്സിന് പലവിധങ്ങളായ ആഹ്ലാദങ്ങൾ പ്രധാനം ചെയ്യുന്നവയും പലവിധങ്ങളായ സന്താപങ്ങളെ അകറ്റുന്നവയുമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവിടെ മറ്റൊരു സന്ദേഹം ഉയർന്നുവരാനിടയുള്ളത് രാഗങ്ങളുടെ എഫക്ട് എങ്ങനെ ഗായകന്റെ ക്രെഡിറ്റിൽ വരുന്നു എന്നുള്ളതാണ്. ഗായകനില്ലെങ്കിൽ ഗാനമില്ല ഗാനമില്ലെങ്കിൽ രാഗമില്ല എന്ന് തന്നെയാണതിനുത്തരം. യേശുദാസിന്റെ സ്വരമാധുരി അവിടെ ഔഷധ മായി മാറി ആത്മാവിന്റെ ആഴങ്ങളിലേക്ക് കിനിഞ്ഞിറങ്ങുകയും തപിക്കുന്ന ഹൃദയതന്ത്രികളിൽ തണുപ്പിറ്റിച്ച ശമിപ്പിക്കുന്ന ലായനിയുടെ ഫലം ചെയ്യുകയും ചെയ്യുന്നു.

മലയാളി പ്രണയത്തിന്റെ ആഹ്ലാദവും വിരഹത്തിന്റെ വേദനയും ഇതിന്റെയെല്ലാം ആത്മഹർഷോന്മാദങ്ങളും നൈരാശ്യവുമെല്ലാം അനുഭവിച്ചത് ഒരു പക്ഷേ ചലച്ചിത്ര ഗാനങ്ങളിൽ കൂടിയായിരിക്കാം എന്ന് പറയാവുന്ന വിധം അർഥഭാവ പൂർണവും സമ്പന്നവുമാണ് നമ്മുടെ പല സിനിമാഗാനങ്ങളും. പ്രേമ ഭിക്ഷുകി പോലുള്ള അപൂർവജന്യമായ തോതിൽ പ്രേമത്തിന്റെ വിരഹവേദനയും ദുഃഖവും കെട്ടിക്കിടക്കുന്ന പാട്ടുകൾ മലയാളവും പ്രേമവും നിലനിൽക്കുവോളം കാലം അതിജീവിക്കുക തന്നെ ചെയ്യും. മലയാളിയുടെ മിത്തും ഐതിഹ്യവും കെട്ടുകഥകളുമെല്ലാം ചേർന്ന് രൂപപ്പെട്ട ഭാവനജന്യമായ അനുഭൂതി സൃഷ്ടികൾ സങ്കല്പനം ചെയ്യപ്പെടുക്കുന്നതിലും യേശുദാസും അദ്ദേഹത്തിന്റെ സ്വരവും ഇടപെട്ടു എന്ന് പ്രസ്താവിക്കുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. ഉദാഹരണമായി ഗന്ധർവസങ്കല്പമായും യക്ഷിഭാവനയായും സിനിമയിൽ സൃഷ്ടിക്കപ്പെട്ട അനുഭൂതി വിശേഷങ്ങളെ നോക്കിയാൽ മനസ്സിലാകും. ഗന്ധർവഭാവന ദൃശ്യസാക്ഷാൽക്കരിക്കപ്പെട്ട പത്മരാജന്റെ ഞാൻ ഗന്ധർവനിലെ പാട്ടുകൾ ഗന്ധർവലോകത്തിൽ നിന്ന് ഒഴുകിയെത്തുന്ന ഹർഷോന്മാദം സൃഷ്ടിക്കുന്ന നാദവീചികളായി സംഗീതലോകത്ത് ഇന്നും അലയടിക്കുന്നു.

സിനിമയും അതിന്റെ നാടകവും അതിനോടനുബന്ധിച്ചുണ്ടായി വന്ന കലാരൂപങ്ങളും മലയാളിയുടെ സാംസ്കാരിക ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ചില്ലറയല്ല. ഇന്ത്യയിലെ മറ്റേത് സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ സിനിമാസ്വാധീന ജീവിതമാണ് മലയാളിയുടേത്. സംഗീതം, നൃത്തം, സാഹിത്യം തുടങ്ങിയ പലവിധ സർഗാവിഷ്കാരങ്ങളുടെ മേളനമാണ് ഓരോ സിനിമയും. മലയാള ചലച്ചിത്ര ഗാനവും യേശുദാസും സിനിമയുടെ ജനപ്രിയ സംസ്കാരത്തിനൊത്താണ് വളർന്നത്. മലയാള ചലച്ചിത്ര പിന്നണിഗാന സമ്പ്രദായം എഴുപത്തഞ്ചു വർഷം പിന്നിട്ടിരിക്കയാണ്. ഈ എഴുപത്തഞ്ചു വർഷങ്ങളിലുണ്ടായ പതിനായിരക്കണക്കിന് ഹിറ്റ് ചലച്ചിത്രഗാനങ്ങളിൽ നല്ലൊരു പങ്ക് പാടിയത് യേശുദാസ് ആയിരിക്കും. യേശുദാസ് മലയാളിയെ അത്ര പെട്ടെന്നൊന്നും കടന്നുപോകാത്തവിധം ശബ്ദം കൊണ്ട് അനശ്വരത സൃഷ്ടിച്ച മഹാനായ കലാകാരനായി മാറി. അത് തനിക്ക് ലഭിച്ച പ്രതിഭ ഒന്ന് കൊണ്ട് മാത്രമായിരുന്നില്ല, കഠിനാധ്വാനം കൊണ്ടും നിരന്തരമായ പ്രയത്നം കൊണ്ടും കൂടിയായിരുന്നു.

---

*ഗ്രന്ഥകർത്താവും എഴുത്തുകാരനുമാണ് ലേഖകൻ*